"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

നമ്പർ(3541113)എസ്.എഫ്.സി-ബി2/45/2026/ധന

ധനകാര്യ (എസ്.എഫ്.സി – ബി) വകുപ്പ്
തിരുവനന്തപുരം
തീയതി : 15.07.2026

അഡീഷണൽ ചീഫ് സെക്രട്ടറി
ധനകാര്യ വകുപ്പ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
വിവിധ ക്ഷേമനിധി ബോർഡുകൾ

സർ,

വിഷയം :- ധനകാര്യ വകുപ്പ് -സാമൂഹ്യ സുരക്ഷാ പെൻഷനുള്ള വാർഷിക മസ്റ്ററിംഗ് നടത്തുന്നത് – സംബന്ധിച്ച്.

സൂചന :- 28.03.2023 ലെ സ.ഉ.(എം.എസ്)നം.58/2023/ധന നമ്പർ ഉത്തരവ്

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2025 ഡിസംബർ 31 വരെ സാമൂഹ്യ സുരക്ഷാ / ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾ 17.07.2026 മുതൽ 30.09.2026 വരെയുള്ള കാലയളവിൽ വാർഷിക മസ്റ്ററിംഗ് പൂർത്തിയാക്കേണ്ടതാണെന്ന് അറിയിക്കുന്നു. ഈ സാഹചര്യത്തിൽ 17.07.2026 മുതൽ 30.09.2026 വരെ വാർഷിക മസ്റ്ററിംഗിനായി സമയം അനുവദിച്ചിട്ടുണ്ടെന്നുള്ള വിവരം എല്ലാ ഗുണഭോക്താക്കളേയും അറിയിക്കുന്നതിനും കാര്യക്ഷമമായ മസ്റ്ററിംഗ് ഉറപ്പ് വരുത്തുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശിക്കുന്നു.

മസ്റ്ററിംഗിനുള്ള അംഗീകൃത സർവ്വീസ് ചാർജ്ജ് ഗുണഭോക്താക്കൾ തന്നെ ബന്ധപ്പെട്ട അക്ഷയ കേന്ദ്രത്തിനു നൽകേണ്ടതാണ്. മസ്റ്ററിംഗ് പുരോഗതി ആഴ്ച തോറും അവലോകനം ചെയ്യേണ്ടതും സമയബന്ധിതമായി മസ്റ്ററിംഗ് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ യഥാസമയം തന്നെ സ്വീകരിക്കേണ്ടതുമാണ്. ആഴ്ച തോറുമുള്ള പുരോഗതി റിപ്പോർട്ട് ധനകാര്യ വകുപ്പിനെ സമയബന്ധിതമായി അറിയിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,
**കെ. ആർ ജ്യോതിലാൽ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ